## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 441** | **05-07-2024 - ൽ മറുപടിയ്ക്ക്**

## തെരുവുനായ്ക്കളുടെ വന്ധ്യംകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തെരുവ് നായ ശല്യം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വന്ധ്യംകരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിലുള്ള എ.ബി.സി. ചട്ടം തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സഹായകരമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള എ.ബി.സി. ചട്ടം തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സഹായകരമാണ്.<br><br>തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി. സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കി വരുന്നത്. പുതുക്കിയ ABC Rules 2023 മാനദണ്ഡങ്ങൾ പ്രകാരം 15 എബിസി കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ 9 എ.ബി.സി കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നതിന് നടപടികൾ പൂർത്തിയായി വരുന്നു. കൂടുതൽ എ.ബി.സി കേന്ദ്രങ്ങൾ കണ്ടെത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള എ.ബി.സി ചട്ടങ്ങൾ പ്രകാരം എ.ബി.സി കേന്ദ്രങ്ങൾക്ക് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അംഗീകാരവും പ്രൊജക്റ്റ് റെക്കഗ്നിഷൻ സർട്ടിഫിക്കറ്റും ആവശ്യമാണ്. കൂടാതെ എ.ബി.സി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ എ.ബി.സി കേന്ദ്രങ്ങളിലും ലോക്കൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | നിലവിലുള്ള എ.ബി.സി. ചട്ടം തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സഹായകരമാണ്.<br><br>തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ |

| | | | |
|---|---|---|---|
| | | | (എ.ബി.സി) പദ്ധതി. സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കി വരുന്നത്. പുതുക്കിയ ABC Rules 2023 മാനദണ്ഡങ്ങൾ പ്രകാരം 15 എബിസി കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ 9 എ.ബി.സി കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നതിന് നടപടികൾ പൂർത്തിയായി വരുന്നു. കൂടുതൽ എ.ബി.സി കേന്ദ്രങ്ങൾ കണ്ടെത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള എ.ബി.സി ചട്ടങ്ങൾ പ്രകാരം എ.ബി.സി കേന്ദ്രങ്ങൾക്ക് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അംഗീകാരവും പ്രൊജക്റ്റ് റെക്കഗ്നിഷൻ സർട്ടിഫിക്കറ്റും ആവശ്യമാണ്. കൂടാതെ എ.ബി.സി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ എ.ബി.സി കേന്ദ്രങ്ങളിലും ലോക്കൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ